**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **11-09-2023 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രവാസികൾക്കായി വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കാമോ; | (എ) | ലോക കേരള സഭയുടെ 2020ലെ രണ്ടാം സമ്മേളനത്തിൽ തൊഴിൽ വകുപ്പിൽ നിന്നും സർക്കാരിന് മികച്ച പ്രൊഫഷണലുകളെ കണ്ടെത്താൻ സഹായകരമായ വിധത്തിൽ പ്രവാസികൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണം എന്നുള്ള ശിപാർശ ഉൾപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക മാന്ദ്യവും ഉടലെടുക്കുകയും നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുകയും ചെയ്തിരുന്നു. അവരിൽ നിന്ന് വിദഗ്ധ തൊഴിലാളികളെ കണ്ടെത്തുന്നതിനും തിരികെ വന്നവർക്ക് എംപ്ലോയ്മെന്റ് വഴി ലഭ്യമാകുന്ന സ്വയം തൊഴിൽ / കരിയർ സേവനങ്ങൾ ലഭ്യമാക്കി പുനരധിവസിക്കുന്നതിനുമായി ഒരു വെർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓൺലൈൻ പോർട്ടൽ എൻ.ഐ.സി കേരള ഘടകം വഴി വികസിപ്പിച്ച് 24/05/2023 ന പ്രവാസികൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.<br><br>ഇതുവഴി വിദേശ മലയാളികൾ (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ)/കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ/തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ എന്നിവർക്കാണ് സേവനം ലഭ്യമാക്കുന്നത്. ഇവരുടെ തൊഴിൽ വൈദഗ്ധ്യം / തൊഴിൽ പരിചയം കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ഉദ്യോഗദായകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി വിദേശത്തും കേരളത്തിന് പുറത്ത് | (ബി) | പ്രസ്തുത പദ്ധതി പ്രകാരം വിദേശ മലയാളികൾ |

| | | | |
|---|---|---|---|
| | ഇന്ത്യയിലും ജോലി ചെയ്യുന്നതും ജോലി നഷ്ടപ്പെട്ടതുമായ മലയാളികൾക്ക് സേവനം ലഭ്യമാക്കുന്നതിന് എത്രത്തോളം പ്രയോജനകരമാണ്; വിശദമാക്കാമോ? | | (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ)/കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ/തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ എന്നിവർക്കാണ് സേവനം ലഭ്യമാക്കുന്നത്. ഇവരുടെ തൊഴിൽ വൈദഗ്ദ്ധ്യം / തൊഴിൽ പരിചയം കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ഉദ്യോഗദായകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ പ്രവാസി പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്ന പ്രവാസികൾക്ക് നിലവിൽ എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന തൊഴിൽ മേളകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്. അതോടൊപ്പം വകുപ്പിന്റെ വിവിധ സ്വയം തൊഴിൽ കരിയർ പദ്ധതികളുടെ സേവനങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ